# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/244/2017 2017 നവംബർ 18

## പത്രക്കുറിപ്പ്

### അപേക്ഷാ തീയതി

ഒന്നാം വർഷ ബി.പി.ടി. (2016 അഡ്മിഷൻ റഗുലർ & 2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ 5 മുതൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ നവംബർ 22 വരെയും 50 രൂപ പിഴയോടെ 23 വരെയും 500 രൂപ സൂപ്പർഫൈനോടെ 25 വരെയും സ്വീകരിക്കും. പേപ്പറൊന്നിന് 20 രൂപ വീതം സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിനു പുറമെ അടയ്ക്കണം.

### പരീക്ഷാ തീയതി

ഒന്നും രണ്ടും മൂന്നും വർഷ ബി.പി.ഇ. (ആനുവൽ സ്കീം - 2013ന് മുമ്പുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷകൾ യഥാക്രമം നവംബർ 29, ഡിസംബർ 4, 11 തീയതികളിൽ ആരംഭിക്കും.

മൂന്നും നാലും സെമസ്റ്റർ/രണ്ടാം വർഷ എം.എസ്.സി. (നോൺ സി.എസ്.എസ്. - പ്രൈവറ്റ് സ്റ്റഡി, സപ്ലിമെന്ററി, മേഴ്‌സി ചാൻസ്) നവംബർ/ഡിസംബർ 2017 പരീക്ഷകൾ നവംബർ 28ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭിക്കും.

മൂന്നും നാലും സെമസ്റ്റർ/രണ്ടാം വർഷ എം.കോം (നോൺ സി.എസ്.എസ്. - പ്രൈവറ്റ് സ്റ്റഡി, സപ്ലിമെന്ററി, മേഴ്‌സി ചാൻസ്) നവംബർ/ഡിസംബർ 2017 പരീക്ഷകൾ നവംബർ 28ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭിക്കും.

മൂന്നും നാലും സെമസ്റ്റർ/രണ്ടാം വർഷ എം.എ. (നോൺ സി.എസ്.എസ്. - പ്രൈവറ്റ് സ്റ്റഡി, സപ്ലിമെന്ററി, മേഴ്‌സി ചാൻസ്) നവംബർ/ഡിസംബർ 2017 പരീക്ഷകൾ നവംബർ 28ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭിക്കും.

### ഡോക്ടറൽ കമ്മിറ്റി

2017 അക്കാദമിക വർഷത്തിൽ മലയാളത്തിൽ ഗവേഷണത്തിനായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ അഭിമുഖത്തിനായുള്ള ഡോക്ടറൽ കമ്മിറ്റി നവംബർ 20ന് രാവിലെ 11 മണിക്ക് സർവ്വകലാശാലാ കാമ്പസിലുള്ള സ്കൂൾ ഓഫ് ലെറ്റേഴ്‌സിൽ വച്ച് നടത്തുന്നതാണ്. അഭിമുഖത്തിന് നിർദ്ദേശിച്ചുകൊണ്ടുള്ളതോ അപേക്ഷ നിരസിച്ചുകൊണ്ടുള്ളതോ ആയ അറിയിപ്പുകൾ ലഭിക്കാത്ത അപേക്ഷകർ സർവ്വകലാശാലാ ഗവേഷണ സെക്ഷനുമായി ബന്ധപ്പെടേണ്ടതാണ്.

### എം.ജി.യിൽ മോളിക്യുലാർ സ്പെക്ട്രോസ്കോപ്പിയിൽ ത്രിദിന അന്തർദേശീയ സെമിനാർ ഡിസംബർ 8 മുതൽ

മഹാത്മാഗാന്ധി സർവ്വകലാശാലയിലുള്ള ഇന്റർനാഷണൽ യൂണിറ്റ് ഓൺ മാക്രോ മോളിക്യുലാർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് സംഘടിപ്പിക്കുന്ന ത്രിദിന അന്തർദ്ദേശീയ സ്പെക്ട്രോസ്കോപ്പി സെമിനാർ ഡിസംബർ 8ന് സർവ്വകലാശാലാ കെമിക്കൽ സയൻസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്ന ചടങ്ങിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യും. പ്രശസ്തരായ 250ലധികം ശാസ്ത്രജ്ഞർ പങ്കെടുക്കുന്ന കോൺഫറൻസിൽ, പ്ലീനറി പ്രഭാഷണങ്ങൾ, ഹ്രസ്വ പ്രഭാഷണങ്ങൾ, പ്രബന്ധ-അവതരണ മത്സരങ്ങൾ, പോസ്റ്റർ പ്രദർശനങ്ങൾ, ബ്രെയിൻ സ്റ്റോമിംഗ് സെഷനുകൾ എന്നിവ ഉണ്ടായിരിക്കും. പ്രോ വൈസ്

ചാൻസലറും കോൺഫറൻസ് ചെയർമാനുമായ പ്രൊഫ. സാബു തോമസ്, ഡോ. നന്ദകുമാർ കളരിക്കൽ എന്നിവർ സെമിനാറിന് നേതൃത്വം നൽകും. വിവരങ്ങൾക്ക് ഇമെയിൽ: spectroscopy@macromol.in, ഫോൺ: 9747099541.

## വിദ്യാർത്ഥി അദാലത്ത്: പരാതികൾ നേരിട്ട് സമർപ്പിക്കാം

വിദ്യാർത്ഥികളുടെ വിവിധ പരാതികൾ ഉടൻ തീർപ്പാക്കുന്നതിനായി മഹാത്മാഗാന്ധി സർവ്വകലാശാല ഡിസംബർ 4, 6, 8 തീയതികളിൽ നടത്തുന്ന വിദ്യാർത്ഥി അദാലത്തിൽ പരിഗണിക്കാനുള്ള പരാതികൾ, ഡെപ്യൂട്ടി രജിസ്ട്രാർ (പ്ലാനിംഗ്), മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686560 എന്ന വിലാസത്തിൽ ഓൺലൈനായല്ലാതെയും നവംബർ 25 വരെ സമർപ്പിക്കാവുന്നതാണ്. പരീക്ഷ സംബന്ധിച്ച വിശദമായ വിവരങ്ങളും ബന്ധപ്പെട്ട രേഖകളും പരാതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. സർവ്വകലാശാലയിൽ നിന്നും വിവിധ സർട്ടിഫിക്കറ്റുകൾ, മാർക്ക്ലിസ്റ്റുകൾ തുടങ്ങിയ സേവനങ്ങൾക്ക് അപേക്ഷിച്ച വിദ്യാർത്ഥികൾക്ക് ന്യൂനതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് അയച്ചിരിക്കുന്ന മെമ്മോയ്ക്കുള്ള മറുപടി ആവശ്യമായ രേഖകൾ സഹിതം നവംബർ 29നകം സമർപ്പിക്കേണ്ടതാണ്.

## എം.ജി. പി.എഫ്. ഓൺലൈൻ സേവനം

മഹാത്മാഗാന്ധി സർവ്വകലാശാലാ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടുകൾ ഡിജിറ്റൈസ് ചെയ്ത് പി.എഫ്. സേവനങ്ങൾ ഓൺലൈനായി ലഭിക്കുന്നതാണ്. http://10.33.1.23/PF_Management എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് തങ്ങളുടെ പി.എഫ്. നമ്പർ ഉപയോഗിച്ച് അക്കൗണ്ടിൽ ലോഗിൻ ചെയ്യാം. പി.എഫ്. വരിക്കാർക്ക് നിലവിലുള്ള ബാലൻസ് തുക അറിയുവാനും, ക്രെഡിറ്റ് കാർഡ് എടുക്കുവാനും സാധിക്കും.

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ പെൻഷൻകാർക്ക് 2017 മുതൽ ലൈഫ് സർട്ടിഫിക്കറ്റ് ജീവൻ പ്രമാൺ പദ്ധതി വഴി ഡിജിറ്റലായി ജനറേറ്റ് ചെയ്യുന്നതിനും അപ്‌ലോഡ് ചെയ്യുന്നതിനുമുള്ള സംവിധാനവും നിലവിൽ വന്നു. പെൻഷണർമാർക്ക് തെരഞ്ഞെടുത്ത സിറ്റിസൺ സർവ്വീസ്/അക്ഷയ സെന്ററുകൾ സന്ദർശിച്ച് www.jeevanpramaan.gov.in, www.mgu.ac.in എന്നീ വെബ്സൈറ്റുകൾ വഴി ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാവുന്നതാണ്.

## സിൻഡിക്കേറ്റ് യോഗം

മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗം നവംബർ 28ന് രാവിലെ 10.30ന് സർവ്വകലാശാലാ കാമ്പസിലെ സിൻഡിക്കേറ്റ് ഹാളിൽ വച്ച് നടത്തുന്നതാണ്.

## എം.ജി.യിൽ ജൂനിയർ റിസർച്ച് ഫെലോ ഒഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, പൂനയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രോപ്പിക്കൽ മെറ്റ്റോളജി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന 'സ്റ്റഡി ഓഫ് ക്ലൈമറ്റ് ചേഞ്ച്' എന്ന പ്രോജക്ടിൽ ഒരു ജൂനിയർ റിസർച്ച് ഫെലോയുടെ ഒഴിവുണ്ട്.

ഗേറ്റ് സ്കോർ നേടിയ, എം.എഡ്/എം.ടെക് (നാനോ സയൻസ്/മറ്റീരിയൽ സയൻസ്/അറ്റ്മോസ്ഫിയറിക് സയൻസ്) യോഗ്യതയോ എം.എസ്.സി. അറ്റ്മോസ്ഫിയറിക് സയനസ്/ഫിസിക്സ്/കെമിസ്ട്രിയും നെറ്റ് യോഗ്യതയും ഉള്ളവരായിരിക്കണം അപേക്ഷകർ. അംഗീകൃത ഗവേഷണ പ്രസിദ്ധീകരണങ്ങളും, എയ്റോസോൾ സ്റ്റഡീസിൽ പരിചയവും അഭികാമ്യം. താല്പര്യമുള്ളവർ വിശദമായ ബയോഡേറ്റയും സാക്ഷ്യപ്പെടുത്തിയ മാർക്കുഷീറ്റുകളും ഡിഗ്രി സർട്ടിഫിക്കറ്റും സഹിതമുള്ള അപേക്ഷ നവംബർ 29നകം jrfiiucnn@gmail.com എന്ന ഇമെയിൽ വിലാസത്തിൽ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് www.iiucnn.com.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**